മതത്തിന്റെ ചടങ്ങുകൾക്കും തത്വചിന്തകൾക്കും പ്രസക്തി ഉണ്ടായിരിക്കയില്ലേ?

'ഉണ്ടായിരിക്കും' എന്നു വിശ്വസിക്കുന്നവർ പലരുമുണ്ട്.

ഫിദേൽ കാസ്ട്രോവിന്റെ വിശ്വാസം അതാണെന്നു തോന്നുന്നു.

(ആഗസ്റ്റ്, 1986)

# 11. റേയ്ഗൻ പിടിച്ച പുലിവാൽ...

വലിയ ഒരു കുഴപ്പത്തിൽച്ചെന്നു ചാടിയിരിക്കുകയാണ് അമേരിക്കയിലെ സർവശക്തനായ പ്രസിഡണ്ട് റൊണാൾഡ് റേയ്ഗൻ. അമേരിക്കൻ പാർലമെന്റ് പാസ്സാക്കിയ നിയമങ്ങൾ സംരക്ഷിക്കാൻ ചുമതലപ്പെട്ട പ്രസിഡണ്ട് ആ നിയമങ്ങളിൽ പലതും ലംഘിക്കുകയും, വൻതുകകൾ ഉൾപ്പെടുന്ന സംശയാസ്പദങ്ങളായ രഹസ്യ പണമിടപാടുകളുമായി ബന്ധപ്പെടുകയുംചെയ്തിരിക്കുന്നു. സദാചാരമര്യാദകൾ സംബന്ധിച്ചിടത്തോളം അമേരിക്കൻ പൗരന്മാർക്കു മാതൃകയായിരിക്കേണ്ട പ്രസിഡണ്ട് തുടർച്ചയായി കള്ളങ്ങൾ പറഞ്ഞിരുന്നതായി തെളിഞ്ഞിരിക്കുന്നു. പ്രസിഡണ്ടിന്റെ ഈ ദുഷിച്ച നടപടികൾ സംബന്ധിച്ച അപവാദവാർത്തകൾ അമേരിക്കൻ പത്രങ്ങളിൽ നിരന്തരമായി പ്രസിദ്ധീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അമേരിക്കൻ പാർലമെന്റിന്റെ രണ്ടു ഘടകങ്ങളായ സെനററും ഹൗസ്സും നിയമിക്കുന്ന പലതരം കമ്മിററികൾക്കു മുമ്പിൽ, പ്രസിഡണ്ടിന്റെ അടുത്ത സഹായികളിൽ പലരും 1987-ാമാണ്ടിന്റെ ആദിമാസങ്ങളിൽ പരസ്യമായി വിചാരണചെയ്യപ്പെട്ടു. വാട്ടർഗേററ് അന്വേഷണങ്ങളെത്തുടർന്ന് 1973-ൽ അമേരിക്കൻ പ്രസിഡണ്ട് ആയിരുന്ന റിച്ചാർഡ് നിക്സൻ ശിക്ഷിക്കപ്പെട്ടതുപോലെ (ഈ ശിക്ഷ, നിക്സനെത്തുടർന്നു പ്രസിഡണ്ട് ആയിത്തീർന്ന ജെറാർഡ് ഫോർഡ് ഇളവുചെയ്തുകൊടുത്തതിനാൽ നിക്സനു ജയിലിൽ കിടക്കേണ്ടിവന്നില്ല.) 1987-ൽ നടക്കുന്ന അന്വേഷണങ്ങളുടെ ഫലമായി റേയ്ഗനു പ്രസിഡണ്ട്സ്ഥാനം നഷ്ടപ്പെടുകയോ, എന്തെങ്കിലും ശിക്ഷ വിധിക്കപ്പെടുകയോ ഉണ്ടാവുകയില്ലായിരിക്കാം. എങ്കിലും, നിക്സന്റെ കീഴിൽ ഉദ്യോഗസ്ഥരായിരുന്ന ഹാൽഡിമാൻ, എർലിഷ്മാൻ എന്നിവരെപ്പോലെ, റേയ്ഗന്റെ കീഴിൽ വൈററ്ഹൗസിൽ ജോലിചെയ്യുന്ന ചിലർക്കെങ്കിലും ജയിലിൽ പാർക്കേണ്ട യോഗം ഉണ്ടാവുമെന്നാണു കരുതപ്പെടുന്നത്. റേയ്ഗനു് ഏതായാലും 'ഗ്ലാമർ' നഷ്ടപ്പെട്ടിരിക്കുന്നു. ഇനിയങ്ങോട്ട്, 1988-ൽ കാലാവധി തീരുംവരെ, റേയ്ഗൻ പുതിയ ഒരു നയവും ആവിഷ്കരിക്കാനോ, ധീരമായ ഏതെങ്കിലും നിശ്ചയം കൈക്കൊള്ളാനോ ശക്തിയില്ലാതെ, പേരിനുമാത്രം പ്രസിഡണ്ടായി വൈററ് ഹൗസിൽ കുടിപാർപ്പ് തുടരുകയേ ഉള്ളു എന്നാണു വിശ്വസിക്കപ്പെടുന്നത്. റേയ്ഗന്റെ കീഴിൽ വൈസ് പ്രസിഡണ്ട് ആയ ജോർജ് ബുഷിനു്, അടുത്ത തെരഞ്ഞെടുപ്പിൽ പ്രസിഡണ്ട്സ്ഥാനത്തേക്കു മത്സരിക്കുന്നതിനു റിപ്പബ്ലിക്കൻ പാർട്ടിയുടെ നോമിനേഷൻ കിട്ടിയേക്കുകയില്ല. വരുന്ന പ്രസിഡണ്ട് തെരഞ്ഞെടുപ്പിൽ, ഈയിടെ നടന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലെന്നപോലെ, റേയ്ഗന്റെ റിപ്പബ്ലിക്കൻ പാർട്ടി തോല്ക്കുമെന്നും, ഡെമോക്രാററിക് പാർട്ടിയുടെ നോമിനിയായിരിക്കും അടുത്ത അമേരിക്കൻ പ്രസിഡണ്ട് എന്നും ഏതാണ്ടു തീർച്ചയായിരിക്കുന്നു.

ഇപ്പോഴത്തെ കുഴപ്പത്തിലേക്കു നയിച്ച സംഭവശൃംഖലയുടെ ആരംഭം 1985–മധ്യത്തിലാണ്. 1984–മാർച്ചിൽ ലെബനോണിലെ ബെയ്റൂട്ട് നഗരത്തിൽനിന്ന് വില്യം ബക്ലി എന്ന ഒരു അമേരിക്കൻ രഹസ്യപ്പോലീസ് (സി. ഐ. എ.) ഉദ്യോഗസ്ഥനെ 'ഇസ്ലാമിക് ജേഹാദ്' എന്ന അറബി ഭീകര സംഘടന പിടിച്ചുകൊണ്ടുപോയി തടങ്ങലിൽ വെച്ചിരുന്നു. 1985–ജൂൺ 14–ന് അമേരിക്കയുടെ ട്രാൻസ് വേൾഡ് എയർ ലൈൻസ് (ടി. ഡബ്ല്യു. എ.) എന്ന കമ്പനിയുടെ ഒരു യാത്രാവിമാനം തട്ടിക്കൊണ്ടുപോയി. അതിലുണ്ടായിരുന്ന ഏതാനും യാത്രക്കാരെയും ലെബനോണിലെ അറബി ഭീകരർ തടങ്ങലിൽ പാർപ്പിച്ചിരുന്നു. വേറെയും ഉണ്ടായിരുന്നു ചില അമേരിക്കക്കാർ ലെബനോണിലെ ഭീകരരുടെ തടങ്ങലിൽ. ഈ ഭീകരർ മുഖ്യമായും ഷിയാവിഭാഗത്തിൽപ്പെട്ട മുസ്ലിങ്ങളായിരുന്നു; ഈരാനിലെ വിപ്ലവഗവണ്മെൻറിന് ഈ ഭീകരരുടെമേൽ ഗണ്യമായ സ്വാധീനശക്തിയുള്ളതായി കരുതപ്പെട്ടുമിരുന്നു.

ആയത്തൊള്ള ഖൊമൈനിയുടെ നേതൃത്വത്തിൽ നടന്ന വിപ്ലവത്തിനുശേഷം ഈരാന് ആയുധങ്ങൾ അയയ്ക്കുന്നതോ, മററു വിധത്തിൽ ഈരാനെ സഹായിക്കുന്നതോ അമേരിക്കൻ പാർലമെൻറ് നിരോധിച്ചിരുന്നു. ഈരാനാണെങ്കിൽ, ഇറാക്കുമായുള്ള യുദ്ധം നടത്തിക്കൊണ്ടുപോകാൻ അമേരിക്കൻ ആയുധങ്ങൾ ആവശ്യമായിരുന്നു. ഈ ചുററുപാടിൽ പ്രസിഡണ്ട് റേയ്ഗൻെറ നേരിട്ടു കീഴിലുള്ള ചില അമേരിക്കൻ ഉദ്യോഗസ്ഥന്മാർ, അവർക്കു വിധേയരായ ഇസ്രായേയിലെ ചില ഉദ്യോഗസ്ഥന്മാരുടെയും ആയുധക്കച്ചവടക്കാരുടെയും സഹായത്തോടെ, 1985–മധ്യത്തിൽ ഈരാനിലെ ചില ഭരണാധികാരികളുമായി രഹസ്യസംഭാഷണങ്ങൾ ആരംഭിച്ചു. ടാങ്കുകൾ തകർക്കുന്നതിനുള്ള അഞ്ഞൂറ് 'ടി. ഒ. ഡബ്ല്യു.' മിസൈലുകൾ അമേരിക്ക കൊടുത്താൽ, പകരം ലെബനോണിൽ തടവിലുള്ള ബക്ലിയെന്ന അമേരിക്കൻ രഹസ്യപ്പോലീസുകാരനെ വിട്ടുകൊടുക്കാമെന്ന് ഈരാൻകാർ പറഞ്ഞു. 1985 സെപ്റ്റംബറിൽ ഇസ്രായേൽകാർ, അമേരിക്ക അവർക്കു കൊടുത്തിരുന്ന അഞ്ഞൂറ് മിസൈലുകൾ ഈരാൻകാർക്ക് എത്തിച്ചുകൊടുത്തു. ഇത്രയും ആയുധങ്ങൾ ഇസ്രായേൽക്കാർക്കു നേരിട്ടു നൽകാമെന്ന് അമേരിക്കൻ ഉദ്യോഗസ്ഥർ സമ്മതിച്ചിരുന്നു. അപ്പോഴേക്ക് ബക്ലിയെ ലെബനോണിലെ ഭീകരപ്രവർത്തകർ കൊന്നുകഴിഞ്ഞിരുന്നു. എങ്കിലും ബക്ലിക്കു പകരം ബെഞ്ചമിൻ എന്ന ഒരു അമേരിക്കൻ പാതിരിയെ ലെബനോൺ ഭീകരരുടെ തടങ്ങലിൽനിന്നു വിട്ടയച്ച് ഈരാൻകാർ കരാർ നിറവേററി.

ഈരാനുമായി ഇങ്ങനെ ആരംഭിച്ച നിയമവിരുദ്ധവും രഹസ്യവുമായ, ആയുധക്കച്ചവടം അമേരിക്കൻ ഉദ്യോഗസ്ഥന്മാർ തുടർന്നുവന്നു. ഈ കച്ചവടത്തിൽ ഇസ്രായേലിനു പുറമേ പോർത്തുഗലിനെയും അമേരിക്കക്കാർ പങ്കാളികളാക്കി. 1986–ഫെബ്രുവരി മുതൽ ഒക്ടോബർവരെ, നാലുതവണയായി എട്ടോളം വിമാനങ്ങളിൽ കയററി മുന്നൂറു ടണ്ണോളം തൂക്കംവരുന്ന ആയുധങ്ങളും സ്പെയർ പാർട്ടസുകളും അമേരിക്കൻ ഉദ്യോഗസ്ഥർ ഈരാന് എത്തിച്ചുകൊടുത്തു. ഇതിനു പ്രതിഫലമായി, ലെബനോണിൽ തടങ്ങലിലായിരുന്ന ഏതാനും അമേരിക്കൻ തടവുകാർ വിമോചിതരായി.

അമേരിക്കൻ ഉദ്യോഗസ്ഥന്മാർ ആയുധങ്ങളും സ്പെയർപാർട്ടസുകളും ഈരാനു നൽകിയതു സൗജന്യമായിട്ടല്ല. ഇവയുടെ വിലയായി ഇസ്രായേൽക്കാർ അമേരിക്കയ്ക്കു കൊടുത്തതിൻെറ മൂന്നു മുതൽ ആറുവരെ ഇരട്ടി വരുന്ന വില ഈരാൻകാരോട് ഇസ്രായേൽക്കാർ വാങ്ങി. തങ്ങളുടെ

കമ്മീഷൻകഴിച്ച ബാക്കിവരുന്ന പണം അമേരിക്കക്കാർ ആവശ്യപ്പെട്ടതനുസരിച്ച് സ്വിററ്സർലണ്ടിലെ ചില ബാങ്കുകളിലുള്ള അമേരിക്കൻ രഹസ്യപ്പോലീസിൻെറ കണക്കുകളിൽ ഇസ്രായേൽക്കാർ നിക്ഷേപിക്കുകയുംചെയ്തു.

മദ്ധ്യ അമേരിക്കയിൽ 'നികരാഗ്വ' എന്ന രാജ്യത്തിൽ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന ഇടതുപക്ഷ(സാൻഡിനിസ്റ്റ) ഗവണ്മെൻറിനെ തകിടംമറിക്കുന്ന യത്നത്തിൽ മുഴുകിയിരിക്കുകയാണു കുറേക്കാലമായി പ്രസിഡണ്ട് റേയ്ഗനും, വൈസ് പ്രസിഡണ്ട് ജോർജ് ബുഷും, റേയ്ഗൻെറ നേരിട്ട നിയന്ത്രണത്തിലുള്ള ചില ഉയന്ന അമേരിക്കൻ ഉദ്യോഗസ്ഥന്മാരും. നികരാഗ്വയിൽ ഗവണ്മെൻറിനെതിരെ പൊരുതുന്ന 'കോൺട്രകൾ' എന്ന കലാപകാരികൾക്ക് അമേരിക്കൻ ഗവണ്മെൻറ് ആയുധ—ധന സഹായം നൽകുന്നതിനെ അമേരിക്കൻ പാർലമെൻറ് വിലക്കിയിരുന്നു. ഈ ചുററുപാടിൽ, ഈരാന് ആയുധക്കച്ചവടം നടത്തി, ഈരാൻകാരിൽനിന്നു കരിഞ്ചന്ത വിലവാങ്ങി, അമേരിക്കൻ രഹസ്യപ്പോലീസിൻെറ (സി. ഐ. എ.യുടെ) കണക്കിൽ സ്വിസ് ബാങ്കുകളിൽ ഇസ്രായേൽ ഇടനിലക്കാർ നിക്ഷേപിച്ച മൂന്നു കോടി ഡോളറോളംവരുന്ന തുക, രഹസ്യമായി നികരാഗ്വയിലെ കലാപകാരികൾക്ക് ആയുധങ്ങളായും പണമായും നൽകപ്പെട്ടു. ഈ തുക ആവശ്യത്തിനു തികയാതെവന്നതിനാൽ, അമേരിക്കയിലെ ഉന്നത ഉദ്യോഗസ്ഥന്മാർ സിംഗപ്പൂരിനടുത്തുള്ള ബ്രൂണെയിലെ സുൽത്താനിൽനിന്ന് പത്തുകോടി ഡോളറും സൗദി അറേബ്യയിലെ ഫഹദ് രാജാവിൽനിന്നു രണ്ടുതവണയായി നാല്പത്തിനാലുകോടി ഡോളറും സംഭാവനയായി വാങ്ങുകയുമുണ്ടായത്രെ. ഈ തുകകൾ അഫ്ഗാനിസ്ഥാനിലെ ഒളിപ്പോരാളികളെ സഹായിക്കാനാണെന്നാണ് ഇവരോട് പറഞ്ഞതു്; പക്ഷേ, അതത്രയും ചെലവിട്ടതു് നികരാഗ്വയിലെ സർക്കാരിനെ അട്ടിമറിക്കാനായിരുന്നു. അതേസമയം നികരാഗ്വയിലെ 'കോൺട്ര'കളുടെ തലവന്മാർ പറയുന്നതു് ഈ പണത്തെപ്പററി തങ്ങൾക്ക് ഒന്നും അറിഞ്ഞുകൂടെന്നാണ്. കുറെയധികം ആയുധങ്ങൾ വിമാനങ്ങളിൽനിന്ന് ആരൊക്കെയോ എറിഞ്ഞുകൊടുത്തിരുന്നു എന്നല്ലാതെ, അതിൻെറ കണക്കൊന്നും അവരെ അറിയിക്കുക ഉണ്ടായിട്ടില്ലത്രേ. ഈ പണത്തിൻെറ ഒരു ഭാഗം ഉപയോഗിച്ച് ഇസ്രായേലിൽനിന്നു് ആയുധങ്ങൾ വാങ്ങി നികരാഗ്വയിലെത്തിക്കുകയാണുണ്ടായതെന്നു വിശ്വസിക്കപ്പെടുന്നു.

ഈരാനിലെ നിയമസഭയുടെ സ്പീക്കറായ രഫ്സഞ്ജാനി ആയിരുന്നു ഈ രഹസ്യനാടകത്തിലെ ഒരു പ്രമുഖനടൻ. തങ്ങൾക്ക് ആയുധം തരുകയില്ലെന്നു പ്രഖ്യാപിച്ചിരുന്ന അമേരിക്കയെ കണക്കിനു് ഒന്നു പററിക്കുന്നതിനുവേണ്ടിയാണ് ഈ കളിയിൽ ഈരാൻ പങ്കുചേർന്നതെന്നു് രഫ്സഞ്ജാനി പ്രഖ്യാപിച്ചു. രഫ്സഞ്ജാനി മുഖേന ഈ കപടനാടകത്തിൻെറ വിവരം ലോകമെങ്ങുമുള്ള പത്രങ്ങൾ അറിഞ്ഞു. പ്രസിഡണ്ട് റേയ്ഗൻ, വൈസ് പ്രസിഡണ്ട് ബുഷ്, അറേറാർണി ജനറൽ മീസ്, നാഷണൽ സെക്യൂരിററി അഡ്വൈസർ, അഡ്മിറൽ പോയ്ൻ ഡെക്സ്ററർ, നാഷണൽ സെക്യൂരിററി കൗൺസിലിലെ ഒരു ഉദ്യോഗസ്ഥനായ കേണൽ നോർത്ത്, വൈററ്ഹൗസ് സ്റ്റാഫിൻെറ തലവനായ ഡൊണാൾഡ് റേഗൻ, അമേരിക്കൻ രഹസ്യപ്പോലീസിൻെറ (സി. ഐ. എ.യുടെ) ഡയറക്ടറായ വില്യം കേസി മുതലായ അമേരിക്കൻ ഗവണ്മെൻറിൻെറ തലപ്പത്തിരിക്കുന്ന പലരും ഈ കള്ളക്കളിയിൽ പങ്കാളികളാണെന്നാണ് ഇപ്പോൾ സംശയിക്കപ്പെടുന്നതു്. ഇവരിൽ താരതമ്യേന താഴ്ന്ന പദവിയിലുള്ള കേണൽ നോർത്തിനെ ജോലിയിൽനിന്നു് പ്രസിഡണ്ട് റേയ്ഗൻ ഡിസ്മിസ്ചെയ്തിരിക്കുന്നു; അഡ്മിറൽ പോയ്ൻ

ഡെക്സ്ററർ സ്വയം ജോലി രാജിവെച്ചുമിരിക്കുന്നു. ഡിസ്മിസ്ചെയ്യപ്പെട്ടശേഷം കേണൽ നോർത്ത് വൈററ്ഹൗസിന്റെ നിലവറയിലുള്ള തന്റെ ആപ്പീസിൽച്ചെന്ന് അവിടെ സൂക്ഷിച്ചിരുന്ന ഒട്ടധികം രേഖകൾ നശിപ്പിച്ചുകളയുകയുണ്ടായത്രേ. അമേരിക്കൻ പാർലമെന്റ് നിയമിച്ച ചില അന്വേഷണഉദ്യോഗസ്ഥന്മാരുടെ മുമ്പാകെ മൊഴികൊടുക്കാൻ നോർത്തും പോയ്ൻ ഡെക്സ്ററും വിസമ്മതിച്ചിരിക്കുകയുമാണ്.

ഈ ഇടപാടിൽ നിയമവിരുദ്ധമായ എത്രയോ അധികം കാര്യങ്ങൾ അന്തർഭവിച്ചിരിക്കുന്നു. ലോകഭീകരപ്രസ്ഥാനത്തിന്റെ കേന്ദ്രമെന്ന് അമേരിക്ക കരുതുന്ന ഇറാന് ആയുധങ്ങളും സ്പെയർപാർട്ടുസുകളും വിൽക്കരുതെന്ന അമേരിക്കൻ പാർലമെന്റിന്റെ നിയമം നഗ്നമായി ലംഘിക്കപ്പെട്ടിരിക്കുന്നു. അമേരിക്കൻ ഗവണ്മെന്റുവക ആയുധങ്ങൾ രഹസ്യമായി പുറത്തയച്ച് കരിഞ്ചന്തവിലയ്ക്കു വിൽക്കപ്പെട്ടിരിക്കുന്നു എന്നതാണു മറെറാരു വസ്തുത. ഈ വില്പനയിൽനിന്നു കിട്ടിയ ലാഭം അമേരിക്കൻ ട്രഷറിയിൽ അടയ്ക്കാതെ, സ്വിററ്സർലൻഡിലെ സ്വകാര്യ ബാങ്കുകളിൽ പരമരഹസ്യമായി നിക്ഷേപിക്കുകയും ഏതാനും ചില ആളുകൾ തങ്ങൾക്കു തോന്നിയപോലെ ഈ തുക ചെലവഴിക്കുകയും ചെയ്തിരിക്കുന്നു. നികരാഗ്വയിലെ കലാപകാരികളെ പണംകൊണ്ടോ, ആയുധംകൊണ്ടോ സഹായിക്കരുതെന്ന അമേരിക്കൻ പാർലമെന്റിന്റെ നിർദേശവും കാററിൽ പറത്തപ്പെട്ടിരിക്കുന്നു. ഇതൊക്കെ അമേരിക്കൻ പാർലമെന്റിനെ വഞ്ചിച്ചു ഗൂഢമായി നടത്തിയതു് അമേരിക്കൻ പ്രസിഡണ്ട് റേയ്ഗന്റെ വസതിയായ വൈററ്ഹൗസ് കേന്ദ്രമാക്കിയാണ്. തനിക്ക് ഇതിനെപ്പററി ഒന്നും അറിഞ്ഞുകൂടെന്നു് പ്രസിഡണ്ട് റേയ്ഗൻ ഇപ്പോൾ പറയുന്നുണ്ട്. ഇതു സത്യമെങ്കിൽ, തന്റെ മൂക്കിനു താഴെ നടക്കുന്ന കാര്യങ്ങൾപോലും അറിയാത്ത വിഡ്ഢിയായ റേയ്ഗൻ അമേരിക്കയുടെ പ്രസിഡണ്ടായി തുടരാൻ അർഹനല്ല. റേയ്ഗൻ പറയുന്നതു സത്യമാണെങ്കിലോ, അപ്പോഴും പ്രസിഡണ്ട്സ്ഥാനത്തിന് ആ അസത്യവാദി അനർഹൻതന്നെ.

'സത്യം തുറന്നുപറഞ്ഞു രക്ഷപ്പെട്ടോളൂ' എന്ന് മുൻ പ്രസിഡണ്ട് നിക്സൻ റേയ്ഗനെ ഉപദേശിച്ചിട്ടുണ്ട്. ഈ ഉപദേശം റേയ്ഗൻ ഇതുവരെയും ചെവിക്കൊണ്ടിട്ടില്ല. പാർലമെന്റിന്റെ പല കമ്മററികളുടെ അന്വേഷണം 1987 ജനവരിയിൽ ആരംഭിക്കും. അതിനുമുമ്പ് എന്തെല്ലാം സംഭവവികാസങ്ങൾ ഉണ്ടാകുമെന്ന് ഇപ്പോൾ പറയാനാവില്ല.

വൈററ്ഹൗസിലെ സ്റ്റാഫിന്റെ തലവനായ ഡൊണാൾഡ് റേഗൻ, രഹസ്യപ്പോലീസിന്റെ (സി. ഐ. എ.യുടെ) ഡയറക്ടർ വില്യം കേസി എന്നിവർക്ക് ഉദ്യോഗം നഷ്ടപ്പെടുമെന്ന കാര്യത്തിൽ അമേരിക്കയിൽ ആർക്കും ഇപ്പോൾ സംശയമില്ല. ഒരുപക്ഷേ, ഇവർ ജയിലിലടയ്ക്കപ്പെടാനും സാദ്ധ്യതയുണ്ട്. അറേറാർണി ജനറൽ മീസ് ജോലി രാജിവെക്കുകയെങ്കിലും വേണ്ടിവരും; കാരണം, ഇത്തരം കാര്യങ്ങളിൽ പ്രസിഡണ്ടിനു ശരിയായ നിയമോപദേശം നൽകുന്നതിൽ ഈ ഉദ്യോഗസ്ഥൻ വീഴ്ചവരുത്തിയെന്നതു സ്പഷ്ടമാകുന്നു. അഡ്മിറൽ പോയ്ൻ ഡെക്സ്ററർ, കേണൽ നോർത്ത് എന്നിവർക്കു കുറെക്കാലം ജയിലിലിരിക്കേണ്ടിവരുമെന്ന് ഏറെക്കുറെ ഉറപ്പായിട്ടുണ്ട്. ഇവരിൽ നോർത്ത് ഔദ്യോഗികരേഖകൾ നശിപ്പിച്ച വിവരം മുമ്പു പറഞ്ഞുവല്ലോ? ആയുധങ്ങളുടെ കരിഞ്ചന്തക്കച്ചവടം സംബന്ധിച്ച രേഖകളാണ് ഇയാൾ നശിപ്പിച്ചതു് എന്നു വിശ്വസിക്കപ്പെടുന്നു. പോയ്ൻഡെക്സ്ററുക്കു മുമ്പ് നാഷണൽ സെക്യൂരിററി അഡൈ്വസർ ആയിരുന്ന മാക്ഫർലെയ്നും ഈ ഇടപാടുകളിൽ പങ്കാളിത്തമുള്ളതായി തെളിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിനും കുറെക്കാലം ജയിലിൽ കഴിച്ചുകൂട്ടേണ്ടിവന്നേക്കാം.

വിവരങ്ങൾ മുഴുവൻ (മുഴുവനില്ലെങ്കിൽ കുറെയെങ്കിലും) പുറത്തുവരുമ്പോൾ പ്രസിഡണ്ട് റേയ്ഗനോട് അമേരിക്കൻ ജനത എങ്ങനെയാണു പെരുമാറുക? ഇക്കഴിഞ്ഞ ആറു വർഷങ്ങളിൽ അമേരിക്കയിലെ സാധാരണക്കാരുടെ ആരാധനാമൂർത്തിയായിരുന്നു റേയ്ഗൻ എന്നതിൽ സംശയമില്ല. ഇത്രയേറെ ജനപ്രീതി നേടിയ ഒരു പ്രസിഡണ്ട് അമേരിക്കയിൽ അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല. സത്യം തുറന്നുപറഞ്ഞു മാപ്പപേക്ഷിച്ചാൽ റേയ്ഗനു ശിക്ഷയിൽനിന്നു രക്ഷപ്പെടാൻ കഴിഞ്ഞേക്കും. പക്ഷേ, പ്രസിഡണ്ട്സ്ഥാനം രാജിവെക്കേണ്ടതായിവന്നുകൂടെന്നില്ല. അതുണ്ടാവുന്നില്ലെങ്കിൽത്തന്നെ, 1988–ൽ പ്രസിഡണ്ട്സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പു നടക്കുംവരെ, ഒരു മുൻകൈയിനും കഴിവില്ലാതെ, പാർലമെൻററിൽനിന്നുള്ള നിരന്തരങ്ങളായ ശല്യപ്പെടുത്തലുകൾക്കു കീഴടങ്ങി, പേരിനുമാത്രം പ്രസിഡണ്ട് ആയി, റേയ്ഗനു വൈററ്ഹൗസിൽ കഴിഞ്ഞുകൂടേണ്ടിവരും.

'നുണയൻ! അങ്ങനെതന്നെ വേണം!' എന്നാണോ നിങ്ങളുടെ പ്രതികരണം? അതോ, 'പാവം കിഴവൻ! ഇങ്ങനെ ഒരു ഗതി ആർക്കും വരുത്തരുതേ!' എന്നോ?

(28 ഡിസംബർ, 1986)

# 12. ചോററുപട്ടാളം

കാലിൽ ഒരു മുള്ളു തറച്ചാൽ, എത്ര കരുത്തനായ മനുഷ്യനും ഞൊണ്ടി നടക്കേണ്ടിവരും. ആധുനികലോകത്തിൽ ഏററവും അധികം ശക്തിയും സമ്പത്തും ഉള്ള രാഷ്ട്രമായ അമേരിക്കയുടെ കാലിൽ തറച്ച മുള്ളാണ് നികറാഗ്വ. ഈ മുള്ളു കാരണം അമേരിക്കൻ രാഷ്ട്രതന്ത്രത്തിനു ധാർമിക ഞൊണ്ടൽ (അതോ അധാർമിക ഞൊണ്ടലോ?) കുറച്ചൊന്നുമല്ല ബാധിച്ചിട്ടുള്ളത്.

അമേരിക്കൻ ഐക്യരാഷ്ട്രങ്ങൾക്കു തെക്ക്, കരീബിയൻ കടലിനും ശാന്തസമുദ്രത്തിനും ഇടയിൽ, എൽസാൽവദോർ, ഹോൺഡുറാസ് എന്നീ രാജ്യങ്ങൾക്കു തെക്കും കോസ്റ്ററിക്ക എന്ന രാജ്യത്തിനു വടക്കുമായി സ്ഥിതിചെയ്യുന്ന ഒരു ചെറുരാജ്യമാണ് നികറാഗ്വ. വിസ്താരം കേരളത്തിൻെറ നാലിരട്ടിയിൽ താഴെ(1,48,000 ച. കി. മീ.); ജനസംഖ്യയാണെങ്കിൽ, കേരളത്തിലേതിൻെറ ഏഴിലൊന്നോളം (ഏകദേശം ഇരുപത്തഞ്ചുലക്ഷം) മാത്രം. പതിനാറാം നൂററാണ്ടിലുണ്ടായ സ്പാനീഷ് കുടിയേററത്തെത്തുടർന്ന്, നികറാഗ്വയിലെ ജനസംഖ്യയിൽ എഴുപതു ശതമാനത്തോളം മിശ്രവർഗക്കാരായിട്ടുണ്ട്. ശുദ്ധ അമേരിൻഡ്യൻ വർഗക്കാർ അഞ്ചു ശതമാനത്തോളവും ശുദ്ധ വെള്ളക്കാർ പത്തൊമ്പതു ശതമാനത്തോളവും ശുദ്ധ നീഗ്രോ വംശജർ ഒമ്പതു ശതമാനത്തോളവും കാണും. സ്വർണം, വെള്ളി, ടങ്സ്റ്റൻ, എണ്ണ മുതലായ ഖനിജങ്ങൾ ധാരാളമുണ്ടെങ്കിലും, കൃഷിയാണ് ഇപ്പോഴും ജനങ്ങളുടെ മുഖ്യജീവിതോപാധി.

ഒന്നര നൂററാണ്ടു മുമ്പ് സ്പാനിഷ് ആധിപത്യത്തിൽനിന്നു മോചനം നേടിയ നികറാഗ്വയിൽ അമേരിക്കൻ ഐക്യരാഷ്ട്രങ്ങളുടെ സ്വാധീനം പിന്നെപ്പിന്നെ വളർന്നുവന്നു. 1933 വരെ നികറാഗ്വയിൽ വിപുലമായ ഒരു അമേരിക്കൻ നാവികത്താവളം നിലവിലുണ്ടായിരുന്നു. നികറാഗ്വയിൽ അമേരിക്കൻ സൈനികസാന്നിദ്ധ്യത്തിനു് അനുവാദം നല്കിയിരുന്ന സന്ധി നിരാകരിക്കപ്പെട്ടതാകട്ടെ 1970–ൽ മാത്രമായിരുന്നു.